## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - മണിമല ഗ്രാമപഞ്ചായത്ത് - 2012-2013 വർഷ ഓഡിറ്റ് റിപ്പോർട്ട്- ഖണ്ഡിക 3.3- തടസ്സപ്പെടുത്തിയ തുക സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം. 477/2022/തസ്വഭവ. തിരുവനന്തപുരം, തീയതി.26/02 /2022

---

പരാമർശം:-1. 01/01/2004 തീയതിയിലെ സ.ഉ(പി).01/04/ഐ&പി.ആർ നമ്പർ സർക്കാർ ഉത്തരവ്

2. 22/01/2018 ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-36300/17 നമ്പർ കത്ത്.

3. 24/04/2018 ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ/2746/ പി.റ്റി1 /18 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2012-2013 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം 14,836/-രൂപ (പതിനാലായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് രൂപ മാത്രം)ചെലവഴിച്ചത് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ടി തുക ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്ത് പത്രങ്ങൾക്ക് വിൻഡോ മാതൃകയിൽ പ്രസിദ്ധീകരണത്തിന് നൽകിയ പരസ്യം, പത്രങ്ങൾ അവയുടെ ഫോണ്ട് വലുതാക്കി വലിയ കോളത്തിൽ പ്രസിദ്ധീകരിച്ചതുകാരണം 14,836/- രൂപ (പതിനാലായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ് രൂപ മാത്രം)അധികമായി ചെലവഴിക്കേണ്ടിവന്നതിനാലാണ് ഖണ്ഡിക 3.3 പ്രകാരം ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നും ടി തുക പത്രസ്ഥാപനത്തിന് നൽകാതെ വന്നാൽ തുക ഈടാക്കുന്നതിനുള്ള മറ്റ് നടപടികൾ പത്രസ്ഥാപനങ്ങൾ സ്വീകരിക്കുമെന്നതിനാൽ പഞ്ചായത്തിന് കൂടുതൽ സാമ്പത്തികനഷ്ടം ഉണ്ടാകുമെന്ന് ബോധ്യം വന്നതിനാലാണ് തുക നൽകിയതെന്നും ആയതിനാൽ മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചു.

അധിക സാമ്പത്തികനഷ്ടം ഒഴിവാക്കുന്നതിനാണ് മേൽ തുക നൽകിയതെന്നും,തുടർന്ന് സർക്കാർ ഉത്തരവിലെ സ്പെസിഫിക്കേഷൻ അനുസരിച്ച് മാത്രം പരസ്യങ്ങൾ പ്രസിദ്ധീകരിച്ച് വരുന്നുവെന്നുമുള്ള മണിമല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16/12/2015-ലെ111(8)-ാം തീരുമാനം,കോട്ടയം ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 08/05/2017-ലെ 4(2) നമ്പർ അനുകൂല തീരുമാനം, എന്നിവ പരിഗണിച്ച് ഖണ്ഡികയിൻമേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർതലത്തിൽ എടുക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് മണിമല പഞ്ചായത്തിന് ഉണ്ടാകുന്ന അധിക സാമ്പത്തികനഷ്ടം ഒഴിവാക്കുന്നതിനായിരുന്നുവെന്ന വസ്തുതയും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്. പഞ്ചായത്ത് ഭരണസമിതി, ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ, ഓഡിറ്റ് ഡയറക്ടറുടെ

അഭിപ്രായം എന്നിവ പരിഗണിച്ചും മണിമല ഗ്രാമപഞ്ചായത്തിലെ - 2012-2013 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 14,836/-( പതിനാലായിരത്തി എണ്ണൂറ്റി മുപ്പത്തിയാറ്) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രജി രാജേന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ